# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 513 24.10.2011-ൽ മറുപടിയ്ക്ക്

## മഴവെള്ളക്കൊയ്ത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മഴവെള്ളക്കൊയ്ത്ത് വ്യാപിപ്പിക്കലും ഭൂഗർഭജല റീചാർജ്ജും പരിപാടിയുടെ ലക്ഷ്യമെന്താണ്; | (എ) ഭൂജല വിതാനം ഉയർത്തിക്കൊണ്ടു വരിക, കിണറിലെ ജലവിതാനം താഴ്ന്നുപോകാതെ സൂക്ഷിക്കുക, ഭൂജല ഗുണനിലവാരം ഉയർത്തുക, ശുദ്ധജലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുക എന്നിവയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത് |
| (ബി) ഇത് ഏത് ഏജൻസി വഴിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ബി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി (KRWSA) യെ ഇത് നടപ്പാക്കാനുള്ള നോഡൽ ഏജൻസിയായി സർക്കാർ നിയമിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി 'വർഷ' പദ്ധതികൾ എൻ.ജി.ഒ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. |
| (സി) ഇതിനായുള്ള യൂണിറ്റുകളുടെ നിർമ്മാണം, കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ എന്നിവ ഏത് ഘട്ടം വരെയായി; | (സി) ജലനിധി ഒന്നാംഘട്ടത്തിൽ 1013 കിണറുകളിൽ മഴവെള്ളം റീചാർജ്ജ് ചെയ്തിട്ടുണ്ട്. കൂടാതെ 33 ഭൂഗർഭ ജല പരിപോഷണ നിർമ്മിതികളും 13304 മഴവെള്ള സംഭരണികളും നിർമ്മിച്ചിട്ടുണ്ട്. മഴകേന്ദ്രത്തിന്റെ ഭാഗമായി സംസ്ഥാനത്തുള്ള |

വിദ്യാലയങ്ങൾ, കോളേജുകൾ, വിവിധ സ്ഥാപനങ്ങളിൽ 611 സംഭരണികളുടെ നിർമ്മാണം ഇതിനകം പൂർത്തിയായിട്ടുണ്ട്. ഇതിനുപുറമേ പ്രത്യേക പദ്ധതി പ്രകാരം എം.ജി.പി.യുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ 62 പ്രധാന സർക്കാർ സ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ തയ്യാറാക്കിയിട്ടുണ്ട്. 2011- 12 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉടൻ തന്നെ തുടങ്ങും. ചെറുകിട ജലവിതരണപദ്ധതികളുടെ ജലസ്രോതസ്സിന്റെ സുരക്ഷയ്ക്കായി ഭൂഗർഭജല റീചാർജ്ജ് രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രൗണ്ട് വാട്ടർ വകുപ്പിൽ 2011-12 ൽ 50 ലക്ഷം രൂപ കൃത്രിമ ഭൂജല സംപോഷണ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ റീചാർജ്ജ് പിറ്റുകൾ (മഴക്കുഴികൾ), അടിയണകൾ, ഡഗ്ഗ് വെൽ റീചാർജ്ജ് തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് ഉള്ളത്. നാളിതുവരെ 13.03 ലക്ഷം രൂപയ്ക്ക് 15 പദ്ധതികൾ നടപ്പാക്കുന്നതിന് അംഗീകാരം നൽകി.

| | |
|---|---|
| (ഡി) പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകും എന്നാണ് കരുതുന്നത്? | (ഡി) KRWSA മഴകേന്ദ്രം വഴി നടപ്പാക്കുന്ന പദ്ധതികൾ 31.03.2012 ന് മുമ്പായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ഭൂജലവകുപ്പിൽ ഈ വർഷത്തെ പദ്ധതികൾ മാർച്ച് അവസാനത്തോടെ പൂർത്തിയാകും |

സെക്ഷൻ ഓഫീസർ